# 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1442** — **04-07-2022 - ൽ മറുപടിയ്ക്ക്**

## ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ശക്തമാക്കുന്നതിന്റെ ഭാഗമായി ക്ഷേമനിധി ബോർഡ് ഡിജിറ്റലൈസ് ചെയ്യാനുള്ള പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ടോ; | (എ) | തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തൊഴിലാളികളുടെ ഇരട്ട അംഗത്വം ഒഴിവാക്കുന്നതിനും സോഫ്റ്റ് വെയർ ഇല്ലാത്ത ബോർഡുകളിൽ സോഫ്റ്റ് വെയർ സംവിധാനം ഒരുക്കുന്നതിനുമായി അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം (AIIS) എന്ന സോഫ്റ്റ് വെയർ രൂപകല്പന ചെയ്തിട്ടുണ്ട്. ഇതിന്റെ ഒന്നാംഘട്ടം പൂർത്തിയായിട്ടുണ്ട്. ക്ഷേമനിധി ബോർഡുകൾ മുഖേന വിതരണം ചെയ്യുന്ന ക്ഷേമനിധി പെൻഷൻകാരുടെ വിശദാംശങ്ങൾ സർക്കാരിന്റെ സേവന സോഫ്റ്റ് വെയറിൽ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്താണ് നൽകിവരുന്നത്. |
| (ബി) | തൊഴിലാളികളുടെ ആശ്രിതർക്ക് സിവിൽ സർവ്വീസ് പരിശീലനത്തിനായി പരിശീലന കേന്ദ്രം അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ) ന്റ കീഴിൽ സിവിൽ സർവ്വീസ് അക്കാദമി പ്രവർത്തിക്കുന്നു. വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള കേരളത്തിലെ സംഘടിത, അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ മക്കൾക്കും, ആശ്രിതർക്കുമായി കുറഞ്ഞ നിരക്കിൽ സിവിൽ സർവ്വീസ് കോച്ചിംഗ് നൽകുക എന്ന ലക്ഷ്യത്തോടു കൂടിയാണ് അക്കാദമി ആരംഭിച്ചിട്ടുള്ളത്.<br><br>തൊഴിലാളികളുടെ മക്കൾ/ആശ്രിതർക്ക് 15000/- + 18% GST + 2000/-രൂപ കോഷൻ ഡെപ്പോസിറ്റ് എന്ന ക്രമത്തിലും, മറ്റുള്ളവർക്ക് 50000/ + 18% GST + 2000/-രൂപ കോഷൻ ഡെപ്പോസിറ്റ് എന്ന ക്രമത്തിലുമാണ് ഫീസ്. കിലെ സിവിൽ സർവ്വീസ് അക്കാദമിയിൽ പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യത ഡിഗ്രിയാണ്. |

| | | | |
|---|---|---|---|
| | | | തൊഴിലാളികളുടെ മക്കൾക്കും, ആശ്രിതർക്കും അർഹമായ ഫീസ് ഇളവ് ലഭിക്കുന്നതിന് അതാത് ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള ആശ്രിതത്വ സർട്ടിഫിക്കറ്റ് അപ് ലോഡ് ചെയ്യേണ്ടതാണ്. അപേക്ഷകരിൽ നിന്നും പ്രവേശന പരീക്ഷ നടത്തി, റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഫീസ് ഈടാക്കി പ്രവേശനം നൽകുന്നു. |

സെക്ഷൻ ഓഫീസർ